LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നഗരസഭകളിൽ പൊതു-സ്വകാര്യപങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പാർട്ട്ണർ കേരള മിഷൻ രൂപീകരിച്ചു. ഇക്കാര്യത്തിൽ സ്വീകരിച്ച മറ്റ നടപടികൾ ചുവടെ ചേർക്കുന്നു :

1. മെസേഴ്സ് കിറ്റ്കോയെ ട്രാൻസാക്ഷൻ അഡ്വൈസറായി നിയമിച്ചിട്ടുണ്ട്.

2. പാർട്ട്ണർ കേരളമിഷനും പ്രാദേശിക സർക്കാരുമായി ഒപ്പുവയ്ക്കേണ്ട എഗ്രിമെന്റ് സർക്കാർ അംഗീകരിക്കുകയും പദ്ധതി നടപ്പാക്കുന്ന പ്രദേശത്തെ സർക്കാരുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

3. പൊതു-സ്വകാര്യപങ്കാളിത്ത പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

4. പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സാമ്പത്തികം ഉറപ്പുവരുത്തുന്നതിനായി ബാങ്കുകളുമായും ധനകാര്യ സ്ഥാപനങ്ങളുമായും ചർച്ച നടന്നു കഴിഞ്ഞിട്ടുണ്ട്.

5. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ആവശ്യമായ ട്രെയിനിംഗ് ലഭ്യമാക്കിയിട്ടുണ്ട്.

6. പദ്ധതി പ്രവർത്തനത്തിന്റെ സുഗമമായ നടത്തിപ്പിന് മാദ്ധ്യമ പ്രവർത്തകരെ ഉൾപ്പെടുത്തി വർക്ക്ഷോപ്പുകൾ നടത്തിയിട്ടുണ്ട്.

7. പൊതുപങ്കാളിത്ത സ്വകാര്യ പദ്ധതികളെ സംബന്ധിച്ച് സംസ്ഥാനത്തുള്ള നിക്ഷേപകർക്ക് വേണ്ടത്ര അവബോധം ലഭിക്കുന്നതിനായി 7 ഇൻവെസ്റ്റർ എക്സ്പോഷർ മീറ്റുകൾ സംഘടിപ്പിക്കുകയുണ്ടായി.

(ബി) ഉണ്ട്.

(സി) 20 കരാറുകൾ ഒപ്പുവച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ഡി) സ്വീകരിച്ച നടപടിയുടെ വിശദാംശം (എ) പിരിവിനുള്ള മറുപടിയായി നൽകിയിട്ടുണ്ട്.

തലസ്ഥാന നഗര ശുചീകരണ പദ്ധതികൾ

125 (4160) ശ്രീ. സി. മൊയിൻ കുട്ടി :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) തലസ്ഥാന നഗരശ്രുചീകരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ചു വർഷത്തിനിടെ എത്ര പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട് ; അവയുടെ പേരുവിവരം വെളിപ്പെടുത്തുമോ ;

(ബി) ഓരോ പദ്ധതിക്കും വേണ്ടി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) ഇവയിൽ എത്ര പദ്ധതികൾ പ്രാവർത്തികമാക്കിയിട്ടുണ്ട്; നഗരശ്രുചീകരണത്തിൽ ഇതുമൂലം എന്തൊക്കെ നോട്ടമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട് ;

(ഡി) നഗരത്തിൽ നഗരസഭ എത്ര മാലിന്യസംസ്കരണ പ്ലാന്റുകൾ പ്രസ്തുത കാലയളവിൽ സ്ഥാപിച്ചിട്ടുണ്ട്; പ്രതിദിനം എത്ര ടൺമാലിന്യം പ്രസ്തുത പ്ലാന്റുകളിലൂടെ കൈകാര്യം ചെയ്യാനാവുന്നുണ്ട് ;

(ഇ) നഗരം മാലിന്യ മുക്തമാവണമെങ്കിൽ ഇനി എത്ര പദ്ധതികൾ കൂടി നടപ്പാക്കേണ്ടിവരുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.യു.ഡി.പി. പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ പ്രഖ്യാപിച്ചിട്ടുള്ള നഗര ശ്രുചീകരണ പദ്ധതികൾ - പഴവങ്ങാടി തോടിന്റെ നവീകരണവും പുനരുദ്ധാരണവും, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ എന്നിവയാണ്.

(ബി)

(1) പഴവങ്ങാടി തോടിന്റെ നവീകരണവും പുനരുദ്ധാരണവും	:	10 കോടി രൂപ നാളിതുവരെ
(2) ബയോഗ്യാസ് പ്ലാന്റുകൾ	:	1,21,02,500 "

(സി)

1. പഴവങ്ങാടി തോടിന്റെ നവീകരണവും പുനരുദ്ധാരണവും നടത്തി വെള്ളപ്പൊക്കം തടയുന്നതിന്റെ ഭാഗമായി 9.37 കോടി രൂപയുടെ അടങ്കലിൽ ഊറൽ മണ്ണ് മാറ്റുന്നതിനും പാലങ്ങളും തോടും വീതി കൂട്ടുന്നതിനും പാർശ്വഭിത്തികൾ ബലപ്പെടുത്തുന്നതിനും വേലി കെട്ടുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.യു.ഡി.പി.-യുടെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് തിരുവനന്തപുരം 7-6-2012 മുതൽ നടത്തി വരികയാണ്. രണ്ട് ഘട്ടങ്ങളിലായിട്ടാണ് വെള്ളപ്പൊക്ക നിവാരണത്തിനുള്ള പദ്ധതികളുടെ പൂർത്തീകരണം വിഭാവന ചെയ്തിട്ടുള്ളത്. ആദ്യ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഘട്ടത്തിൽ ഇപ്പോഴുള്ള കനാലിലെ ഒഴുക്കിന് തടസ്സം നിൽക്കുന്ന മുഴുവൻ പ്രതിബന്ധങ്ങളും ഇല്ലാതാക്കുക, പൊന്നറപാർക്ക്, റെയിൽവേ സ്റ്റേഷൻ ഭാഗങ്ങളിൽ നിന്നുള്ള വെള്ളം പഴവങ്ങാടി തോടിൽ എത്തിക്കുക, വീതിയില്ലാത്ത സ്ഥലങ്ങളിൽ വീതി കൂട്ടുക, തോടുകളിലെ ഖരമാലിന്യങ്ങൾ നീക്കുക, ഖരമാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, പാർശ്വഭിത്തികൾ ബലപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുന്നു. എന്നാൽ പഴവങ്ങാടി തോട് തമ്പാനൂരിൽ എത്തിച്ചേരുമ്പോഴേയ്ക്കും ശക്തമായ മഴയിൽ 1 സെക്കന്റിൽ 30 ഘനമീറ്റർ വെള്ളം തോട്ടിലൂടെ ഒഴുകി എത്തുമെന്നാണ് ശാസ്ത്രീയ പഠനങ്ങൾ വെളിവാക്കുന്നത്. ഇപ്പോൾ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്ന ഓടയുടെ, തമ്പാനൂർ ഭാഗത്ത് വരെയുള്ള വീതികൂട്ടലോടെ ഇതുയും വെള്ളത്തെ ഈ തോടിന് ഉൾക്കൊള്ളുന്നതിന് സാധിക്കും. എന്നാൽ ഓട കടന്നുപോകുന്ന റെയിൽവേ കലുങ്കിലൂടെ സെക്കന്റിൽ 21 ഘനമീറ്റർ വെള്ളം മാത്രമെ കടത്തിവിടാൻ കഴിയുകയുള്ളൂ. ഇതിന് പരിഹാരമായിട്ടാണ് രണ്ടാംഘട്ടമായി തമ്പാനൂർ മുതൽ ഉപ്പിലാംമൂട് വരെ 36.67 കോടി രൂപ ചെലവിൽ ഡൈവേർഷൻ കനാലിന്റെ പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ ടെൻഡർ നടപടികൾ നടന്നുവരികയാണ്.

(2) നഗരത്തിലെ നാല് വിദ്യാലയങ്ങളിൽ പ്രതിദിനം 600 കിലോഗ്രാം ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നു.

പാളയം, മണക്കാട് മാർക്കറ്റുകളിൽ പ്രതിദിനം 2000 കിലോഗ്രാം വീതം ശേഷിയുള്ള രണ്ടു ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിച്ചു വരുന്നു.

തൈക്കാട്, മാതൃ-ശിശു ആശുപത്രിയിലും ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള സ്മാരക പാർക്കിലും ശ്രീചിത്രാ പുവർ ഹോമിലും പൂജപ്പുര മഹിളാ മന്ദിരത്തിലും ഓരോ ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നു. ഈ നാലു പ്ലാന്റുകളുടെയും മൊത്തം ശേഷി പ്രതിദിനം 2650 കിലോഗ്രാം ആണ്.

(ഡി) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നഗരസഭാ പ്രദേശത്ത് മാലിന്യ സംസ്കരണത്തിന് വികേന്ദ്രീകൃത ഉറവിട മാലിന്യസംസ്കരണ സംവിധാനങ്ങളാണ് സ്ഥാപിച്ചു വരുന്നതെന്നും നാളിതുവരെ 187 തുമ്പൂർമൂഴി എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, 12 കമ്മ്യൂണിറ്റി ലെവൽ ബയോഗ്യാസ് പ്ലാന്റുകൾ, 109 ഫ്ളാറ്റുകളിൽ ബയോബിന്നുകൾ, 2 ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ (OWC Plant), 1323

വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ, 80,737 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ എന്നീ സംവിധാനങ്ങളിലൂടെ പ്രതിദിനം ഏകദേശം 126.5 ടൺ മാലിന്യം കൈകാര്യം ചെയ്യുവാൻ കഴിയുമെന്നുമാണ് തിരുവനന്തപുരം നഗരസഭ അറിയിച്ചിരിക്കുന്നത്.

ഫ്ളാറ്റുകളിൽ ബയോബിന്നുകൾ 109 എണ്ണം സ്ഥാപിച്ചതിനും .5m^3, .75m^3, 1m^3 ശേഷിയുള്ള ഗാർഹിക മാലിന്യ സംസ്കരണ സംവിധാനങ്ങളായ ബയോഗ്യാസ് പ്ലാന്റ് 1323 എണ്ണം സ്ഥാപിച്ചതിനും 450 ഗ്രാം/ദിവസം ശേഷിയുള്ള പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ 80,737 എണ്ണം സ്ഥാപിച്ചതിനും സബ്സിഡി നൽകിയിട്ടുണ്ട്.

(ഇ) ഉദ്ദേശം 350 മുതൽ 400 ടൺ സംസ്കരണ ശേഷിയുള്ള പ്ലാന്റ് സ്ഥാപിച്ചാൽ നഗരം ഒരു പരിധിവരെ മാലിന്യ മുക്തമാകുമെന്നാണ് കണക്കാക്കുന്നത്.

എരുമേലി ടൗൺഷിപ്പ്

126 (4161) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയുടെ കവാടമായ എരുമേലി ടൗൺഷിപ്പ് ആക്കുന്ന നടപടി ഏതുഘട്ടംവരെയായി എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലേക്കായി സർക്കാർ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) എരുമേലി ടൗൺഷിപ്പ് പ്രവർത്തനം ഉടനെ ആരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന കാര്യം വിവരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

നഗരങ്ങളുടെ മുഖച്ഛായ മാറ്റാൻ പദ്ധതി

127 (4162) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഗരങ്ങളുടെ മുഖച്ഛായ മാറ്റാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly